# **സീമാൻ തസ്തികയുടെ ജോലി സ്വഭാവം, അപകട സാധ്യത (റിസ്ക്), ശാരീരിക യോഗ്യക, പ്രായോഗിക പരീക്ഷ എന്നിവ സംബന്ധിച്ച അറിയിപ്പ്**

സീമാൻ തസ്തികയിൽ (തുറമുഖ വകുപ്പ്/ ഹൈഡ്രോഗ്രാഫിക് സർവ്വേ വകുപ്പ്) ജോലിയിൽ പ്രവേശിക്കുന്നവർ പ്രക്ഷുബ്ധമായ നടുക്കടലിൽ ജോലി ചെയ്യുന്നതിനും, ആവശ്യമായ സന്ദർഭങ്ങളിൽ യാനങ്ങളെ നിയന്ത്രിക്കുന്നതിനു വേണ്ട സഹായങ്ങൾ ചെയ്യുന്നതിനും റോപ്പ് കെട്ടൽ, പുള്ളിംഗ് (ബോട്ട് വലിക്കുന്നത്), നീന്തൽ, ഡൈവിംഗ്, റിഗ്ഗിംഗ് & സ്പ്ലൈസിംഗ് (കപ്പലിൽ കമ്പിയും കയറുമിടുക, പായ്മരക്കയറുകൾ കൂട്ടിക്കെട്ടുക), നോട്ടിംഗ് (വടം കെട്ടുകൾ), എന്നിവ ചെയ്യുന്നതിനും കഴിവുള്ളവരായിരിക്കണം. ചില അവസരങ്ങളിൽ യാനങ്ങൾ ഓടിക്കുന്നതിനും കനോയിംഗ് നടത്തുന്നതിനും വേണ്ട ശാരീരിക ക്ഷമത ഈ തസ്തികയ്ക്ക് വളരെ അത്യാവശ്യമാണ്. ഇത് കൂടാതെ ബോട്ടിലും ആഴക്കടലിലും ദിവസങ്ങളോളം നങ്കൂരമിട്ട് പര്യവേക്ഷണ നീരീക്ഷണ പ്രവർത്തികൾക്ക് ആവശ്യമായ സാഹായങ്ങൾ നിർവ്വഹിച്ച് ഡ്യൂട്ടികൾ ചെയ്യേണ്ടതായ സാഹചര്യവും, വിജനമായ സ്ഥലങ്ങളിൽ പലപ്പോഴും ഒറ്റയ്ക്ക് പകലും രാത്രിയും ഡ്യൂട്ടിയെടുക്കേണ്ട സാഹചര്യവും സീമാൻ തസ്തികയുടെ ജോലി സ്വഭാവത്തിൽപ്പെടുന്നു. ഇത് കൂടാതെ യാനങ്ങളും ബോട്ടുകളും ഉയരത്തിലുള്ള ജെട്ടിയിൽ നിന്ന് പുറപ്പെടുകയും അടുപ്പിക്കുകയും ചെയ്യുന്ന സമയങ്ങളിൽ ബോട്ടിൽ നിന്നും ജെട്ടിയിലേയ്ക്കും ജെട്ടിയിൽ നിന്ന് ബോട്ടിലേയ്ക്കും തിരകളുടെ ഏറ്റക്കുറച്ചിലുകൾക്കിടയിൽ വളരെപ്പെട്ടെന്ന് കയറിയിറങ്ങി ബോട്ട് സുരക്ഷിതമായി കെട്ടിയുറപ്പിക്കുന്ന വളരെ അപകടകരമായ ജോലി ചെയ്യേണ്ട സാഹചര്യം സീമാൻ തസ്തികയ്ക്കുണ്ട്. ബോട്ടിന്റെ പെയിന്റിംഗ്, മറ്റ് അറ്റക്കുറ്റപ്പണികൾ, ചെറിയ ബോട്ടുകൾ കൈകാര്യം ചെയ്യൽ, അവയുടെ പരിപാലനം തുടങ്ങിയ ജോലികൾ വളരെ പ്രതികൂല സാഹചര്യത്തിൽ പോലും നിർവഹിക്കേണ്ടതായ സ്രാങ്കുമാർ, എഞ്ചിൻ ഡ്രൈവർമാർ എന്നിവരെ തെരെഞ്ഞെടുക്കുന്നത് സീമാൻ തസ്തികയിൽ നിന്നുമാണ്. പ്രക്ഷുബ്ധമായ കാലാവസ്ഥയിൽ കടൽച്ചൊരുക്ക് പോലെയുള്ള ബുദ്ധിമുട്ടുകളും മറ്റ് ആരോഗ്യ പ്രശ്നങ്ങളും നേരിടേണ്ടി വരും. മേൽപ്പറഞ്ഞ അതി കഠിനമായ കായികശേഷി/ശാരീരികാധ്വാനം വേണ്ടിവരുന്ന തസ്തികയായതിനാൽ വനിതകൾക്ക് നെഞ്ചളവ് ഉൾപ്പെടെ വിജ്ഞാപനപ്രകാരമുള്ള എല്ലാ ശാരീരിക യോഗ്യതയിൽ നിന്നും നിലവിൽ ഒഴിവാക്കാനോ ഇളവ് നൽകാനോ സർക്കാർ ഉത്തരവില്ല. **ഈ നിബന്ധനകൾ സമ്മതിച്ച് ഇതോടൊപ്പം നൽകിയിട്ടുള്ള സമ്മതപത്രം ഒപ്പിട്ട് ഹാജരാക്കിയവരെ മാത്രമേ അളവെടുപ്പ്, പ്രായോഗിക പരീക്ഷ എന്നിവയിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളൂ.**

**താഴെപ്പറയുന്ന ശാരീരിക നിലവാരം ഉണ്ടായിരിക്കണം.**

## ശാരീരിക യോഗ്യകൾ

ശാരീരിക യോഗ്യതയുള്ളവരെ മാത്രമേ അടുത്ത ഇനമായ കടലിലെ നീന്തനിൽ പങ്കെടുപ്പിക്കുകയുള്ളൂ.

ഉയരം - 165 സെ.മീ -ൽ കുറയാൻ പാടില്ല (പാദരക്ഷ ഇല്ലാതെ)

തൂക്കം - 50 കി.ഗ്രാം -യിൽ കുറയാൻ പാടില്ല

നെഞ്ചളവ് - 80 സെ.മീ കുറയാൻ പാടില്ല. വികസിപ്പിക്കുമ്പോൾ 85 സെ.മീ. കുറയാൻ പാടില്ല.

**കുറിപ്പ് - പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക്**

ഉയരം - 160 സെ.മീ -ൽ കുറയാൻ പാടില്ല (പാദരക്ഷ ഇല്ലാതെ)

തൂക്കം - 48 കി.ഗ്രാം -യിൽ കുറയാൻ പാടില്ല

നെഞ്ചളവ് - 78 സെ.മീ കുറയാൻ പാടില്ല. വികസിപ്പിക്കുമ്പോൾ 83 സെ.മീ. കുറയാൻ പാടില്ല.

**പ്രായോഗിക പരീക്ഷയിലെ ഇനങ്ങൾ**

കടലിലെ നീന്തലിൽ വിജയിക്കുന്നവരെ മാത്രം താഴെപ്പറയുന്ന 5 ഇനങ്ങളിൽ പങ്കെടുപ്പിക്കുന്നതാണ്. ഈ പ്രായോഗിക പരീക്ഷ പൂർണ്ണമായും നടുക്കടലിൽ വച്ചായിരിക്കും നടത്തുന്നത്.

1) Proficiency in Boat pulling (ബോട്ട് വലിയ്ക്കൽ)
2) Knots (വടം കെട്ടുകൾ)
3) Splices and Rigging (പായ്മരക്കയറുകൾ കൂട്ടിക്കെട്ടുക)
4) Handling Single cylinder Motor Boat (ഒറ്റ സിലിണ്ടറുകൾ ഉള്ള മോട്ടോർ ബോട്ടുകൾ കൈകാര്യം ചെയ്യുന്നതിലുള്ള പ്രാവീണ്യം)
5) Anchor Work (നങ്കൂര പണിയിലെ പ്രാവീണ്യം)

**സീമാൻ തസ്തികയുടെ ശാരീരിക അളവെടുപ്പ് ഏപ്രിൽ 03, 04, 05 തീയതികളിൽ എറണാകുളം പി. എസ്. സി ജില്ലാ ഓഫീസിൽ വെച്ച് നടത്തുന്നതാണ്.**

**ഹാൾ ടിക്കറ്റ് പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുണ്ട്.**

# സമ്മതപത്രം

തുറമുഖ വകുപ്പ്/ ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിൽ സീമാൻ തസ്തികയിലേയ്ക്ക് , കാറ്റഗറി നം. ............................ പ്രകാരം ..........................................ജില്ലയിൽ അപേക്ഷ സമർപ്പിച്ച എനിക്ക് ഗസറ്റ് വിജ്ഞാപനത്തിൽ പറയുന്ന നിശ്ചിത ശാരീരിക യോഗ്യതകൾ (ഉയരം, തൂക്കം, നെഞ്ചളവ്) ഉണ്ട്. കൂടാതെ നടുക്കടലിൽ നീന്തുന്നതിനും, ബോട്ട് പുള്ളിംഗ് (വലിക്കൽ), നോട്സ് (വടം കുരുക്കിക്കെട്ടുന്നത്), സ്പ്ലൈസസ് & റിഗ്ഗിംങ് (പായ്മരക്കയറുകൾ കൂട്ടിക്കെട്ടുക),ഒറ്റ സിലിണ്ടറുകൾ ഉള്ള മോട്ടോർ ബോട്ടുകൾ കൈകാര്യം ചെയ്യുന്നതിലും നങ്കൂരപ്പണിയിലും പ്രാവിണ്യം ഉണ്ട്. ഇവയിൽ ഉള്ള എന്റെ പ്രാവിണ്യം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പ്രായോഗിക പരീക്ഷയിൽ തെളിയിക്കുന്നതാണ്. ഈ തസ്തികയുടെ ജോലി സ്വഭാവം, പ്രായോഗിക പരീക്ഷയുടെ വിശദാംശങ്ങൾ ആയതിലെ അപകട സാധ്യത എന്നിവ സംബന്ധിച്ച് വ്യക്തമായ അറിയിപ്പ് രേഖാമൂലം (പ്രൊഫൈൽ വഴി) നൽകിയിട്ടുള്ളത് ഞാൻ വായിച്ചു മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു, കടലിൽ വച്ച് നടത്തുന്ന പ്രായോഗിക പരീക്ഷ സമയത്ത് എന്തെങ്കിലും അപകടമോ ബുദ്ധിമുട്ടോ ഉണ്ടാകുന്ന പക്ഷം ആയതിന്റെ ഉത്തരവാദിത്തം എന്നിൽ നിക്ഷിപ്തമാണ്. സ്വന്തം റിസ്കിൽ പ്രായോഗിക പരീക്ഷയ്ക്ക് പങ്കെടുക്കുന്നതിന് എനിക്ക് പൂർണ്ണ സമ്മതമാണ്.

ഒപ്പ് -

ഉദ്യോഗാർത്ഥിയുടെ പേര്-

രജിസ്റ്റർ നം-

സ്ഥലം -

തീയിതി -